വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും

173 (1589) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽപ്പന നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും പഴം, പച്ചക്കറി വാങ്ങി വിതരണം ചെയ്യുന്ന മൊത്തവ്യാപാരികൾക്ക് വിൽപ്പനയ്ക്കായി ശേഖരിക്കുന്നിടങ്ങളിൽ തന്നെ ഗുണനിലവാരം പരിശോധിക്കുവാൻ കർശന നിർദ്ദേശം നൽകുകയും സാഹചര്യവും ഒരുക്കിക്കൊടുക്കുകയും ചെയ്യുമോ ;

(സി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ശക്തമായ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതുകൊണ്ട് അവയിൽ അടങ്ങിയിരിക്കുന്ന വിഷാംശം എത്രയെന്ന് കണ്ടുപിടിക്കാൻ പച്ചക്കറി കടകളിൽനിന്നും കർഷകന്റെ കൃഷിയിടങ്ങളിൽനിന്നും അവയുടെ സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നതിനുള്ള സംവിധാനം "സേഫ്-ടു-ഈറ്റ്" എന്ന പദ്ധതിയിൽ നിലവിലുണ്ട്. കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും പഴം, പച്ചക്കറി വാങ്ങി വിതരണം ചെയ്യുന്ന മൊത്തവ്യാപാരികൾക്ക് വില്പനയ്ക്കായി ശേഖരിക്കുന്നിടങ്ങളിൽത്തന്നെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) "സേഫ്-ടു-ഈറ്റ്" പദ്ധതിയുടെ കീഴിൽ തിരുവനന്തപുരത്തെ പച്ചക്കറിക്കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് പച്ചക്കറി ചന്തകൾ എന്നിവിടങ്ങിൽ നിന്നായി ഓരോ മാസവും 50 മുതൽ 60 ഇനം പച്ചക്കറികളുടെ നൂറോളം സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ പച്ചക്കറികളിൽ കണ്ട കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദാംശങ്ങൾ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നുണ്ട്. മൂന്നു മാസത്തിലൊരിക്കൽ ഈ പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുന്നു. ഗാർഹിക തലത്തിൽ പച്ചക്കറികളിലെ വിഷാംശം നീക്കുന്നതിനുള്ള പാക്കേജും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly